# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജിസ്റ്റേഡ് ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004 website: www.kseb.in

**വിതരണവും വിവരസാങ്കേതിക വിദ്യയും മാനവ വിഭവശേഷി നിർവ്വഹണവും വിഭാഗം ഡയറക്ടറുടെ കാര്യാലയം**

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695004, കേരളം

ഫോൺ: +91 471 2514685, 2514331 ഇ മെയിൽ: ddkseb@kseb.in


D (D, IT & HRM)/COVID 19/ 2019 – 2020/14 18.05.2020

എല്ലാ ഓഫീസ് മേധാവികൾക്കും.

വിഷയം : കോവിഡ് 19 - ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ യാത്രയയപ്പ് - സംബന്ധിച്ച്.

സൂചന : 23.03.2020 -ലെ പരിപത്രം നമ്പർ D (D, IT & HRM)/ Covid 19/2019-20

2020 മേയ് മാസത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിചയസമ്പന്നരായ 718 ജീവനക്കാർ വിരമിക്കുകയാണ്. ഈ അവസരത്തിൽ അവർക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

കോവിഡ് 19 മഹാമാരി അനിയന്ത്രിതമായി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നാം ബാധ്യസ്ഥരാണ്. ഇത്രയധികം ജീവനക്കാർ ഒരുമിച്ച് വിരമിക്കുന്ന ഈയവസരത്തിൽ ജീവനക്കാർ കൂടിച്ചേരുന്ന വലിയ രീതിയിലുള്ള പരിപാടികൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. വിരമിക്കൽ ചടങ്ങുകളുമായി ബന്ധപ്പെട്ടുള്ള കൂടിച്ചേരലുകൾ കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ടും ശരിയായ രീതിയിൽ മാസ്ക് ധരിക്കുന്നതുൾപ്പടെയുള്ള എല്ലാവിധ മുൻകരുതലോടെയും മാത്രം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ എല്ലാ ഓഫീസ് മേധാവികളും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ലോക്ക്-ഡൌൺ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ആളുകൾ ഒത്തുകൂടുന്ന ചടങ്ങുകൾ സംഘടിപ്പിക്കുന്നതോ പങ്കെടുക്കുന്നതോ ആയി ശ്രദ്ധയിൽപ്പെട്ടാൽ അതിൽ പങ്കെടുക്കുന്ന കെ.എസ്സ്.ഇ.ബി. ലിമിറ്റഡ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

കെ.എസ്സ്.ഇ.ബി. ലിമിറ്റഡ്